ഒറ്റത്തവണ വെരിഫിക്കേഷൻ

കൊല്ലം: വൊക്കേഷണൽ ഹയർസെക്കൻഡറി വിദ്യാഭ്യാസ വകുപ്പിൽ നോൺവൊക്കേഷണൽ ടീച്ചർ തസ്തികയുടെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടവർക്ക് ഒറ്റത്തവണ വെരിഫിക്കേഷൻ പിഎസ്സിയുടെ മേഖല ഓഫീസിൽ നടത്തും. തീയതിയും സമയവും: എൻവിടി കൊമേഴ്സ് (തസ്തിക മാറ്റം, മിനിസ്റ്റീരിയൽ സ്റ്റാഫ് ഇൻ സബോർഡിനേറ്റ് സർവീസ് ഓഫ് വി എച്ച്എസ്സി വിങ് കാറ്റഗറി നം.581/2022) ജനുവരി ഒമ്പത് രാവിലെ 10.30നും എൻവിടി ഹിസ്റ്ററി (ജൂനിയർ കാറ്റഗറി നം.586/2022) ജനുവരി മൂന്ന്, നാല് തീയതികളിൽ രാവിലെ 10.30 മുതൽ 11.30 വരെയും എൻവിടി ഫിസിക്സ്(ജൂനിയർ കാറ്റഗറി നം.587/2022) ജനുവരി നാല്, അഞ്ച് തീയതികളിൽ രാവിലെ 10.30 മുതൽ 11.30 വരെയും, എൻ വി ടി എക്കണോമിക്സ് (ജൂനിയർ കാറ്റഗറി നം.590/2022) ജനുവരി എട്ട്, ഒമ്പത് തീയതികളിൽ രാവിലെ 10.30 മുതൽ 11.30 വരെയും. അസൽ സർട്ടിഫിക്കറ്റ് സഹിതം എസ്എംഎസ്/ പ്രൊഫൈൽ മെസ്സേജിൽ നിർദേശിച്ചപ്രകാരം ഹാജരാകണം. ഫോൺ - 0474 2745674.

ഇരട്ടക്കുളത്ത് പുതിയ കുടിവെള്ള പദ്ധതി

കൊല്ലം: കിഴക്കൻ മലയോര മേഖലയായ ഇരട്ടക്കുളത്ത് കുടിവെള്ളമെത്തിക്കാൻ ഭൂജലാധിഷ്ഠിത കുടിവെള്ള പദ്ധതി. ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് 14 ലക്ഷം രൂപ ചെലവിലാണ് നിർമിച്ചത്. കുമ്മിൾ പഞ്ചായത്തിലെ ഇരട്ടക്കുളം സുമതി മുക്ക് മിനി കുടിവെള്ള പദ്ധതി പ്രകാരം 59 കുടുംബങ്ങൾക്ക് ജലം ലഭ്യമാകും. ജലഅതോറിറ്റിയുടെ പൈപ്പ് ലൈൻ എത്തിച്ചേരാത്ത പ്രദേശങ്ങൾക്ക് ഭൂജലസ്രോതസ്സ് വഴിയാണ് ജലം ലഭ്യമാക്കുക. ഇരട്ടക്കുളം കിണറ്റുമുക്കിൽ നിർമിച്ച ബോർവെല്ലിൽ നിന്നാണ് വെള്ളമെത്തിക്കുന്നത്. ചെറുകിട കുടിവെള്ള പദ്ധതിയുടെ (മൈക്രോ വാട്ടർ സപ്ലൈ സ്കീം) ഭാഗമായ പദ്ധതിയുടെ നടത്തിപ്പും പരിപാലനവും ഗുണഭോക്താക്കൾ ചേർന്ന് രൂപീകരിക്കുന്ന സമിതിയാണ് നിർവഹിക്കുന്നത്.

ആധാരമെഴുത്ത് അസോ. യൂണിറ്റ് സമ്മേളനം

പുനലൂർ: ആധാരമെഴുത്ത് അസോസിയേഷൻ കുളത്തൂപ്പുഴ യൂണിറ്റ് സമ്മേളനവും തിരഞ്ഞെടുപ്പും നടത്തി. യൂണിറ്റ് പ്രിഡന്റ് പി. സഹദേവന്റെ അധ്യക്ഷതയിൽ നടന്ന സമ്മേളനം പഞ്ചായത്ത് പ്രസിഡന്റ് പി. ലൈലാബീവി ഉദ്ഘാടനം ചെയ്തു. ഭാരവാഹികളായി പി. സഹദേവൻ (പ്രസിഡന്റ്), പ്രസീദാ സോമൻ (വൈസ് പ്രസിഡന്റ്), കെ. രാജേന്ദ്രപ്രസാദ് (സെക്രട്ടറി), എസ്. രഞ്ജിത (ജോ. സെക്രട്ടറി) സബിതാ ബീവി (ഖജാൻജി), കെ.ബി. മുരളി (ജില്ലാ പ്രതിനിധി) എന്നിവരെ തിരഞ്ഞെടുത്തു.

ട്രെയ്ൻ ഗതാഗതം തടസ്സപ്പെട്ടു

നേമം: സാങ്കേതികപ്രശ്നങ്ങളെ തുടർന്ന് ഗുഡ്സ് ട്രെയ്ൻ നേമം റെയിൽവേ സ്റ്റേഷന് സമീപം അരമണിക്കൂറോളം നിർത്തിയിട്ടു. ശനിയാഴ്ച രാവിലെയാണ് സംഭവം. എറണാകുളത്ത് നിന്നും തിരുനെൽവേലിയിലേക്ക് പോവുകയായിരുന്ന ഗുഡ്സ് ട്രെയ്നിന്റെ ഗാർഡ് റൂമിന് സമീപമുള്ള ഭാഗം പാളത്തിന്റെ എർത്ത് റാഡിൽ തട്ടി സ്പാർക്കുണ്ടായതിനെ തുടർന്നാണ് ട്രെയ്ൻ നിർത്തിയത്. പിന്നീട് തമ്പാനൂർ സ്റ്റേഷനിൽ നിന്നും മെക്കാനിക്കൽ വിഭാഗമെത്തി പ്രശ്നം പരിഹരിച്ച ശേഷമാണ് വണ്ടിയെടുത്തത്. കൊല്ലത്ത് വച്ചും തീവണ്ടിക്ക് പ്രശ്നങ്ങളുണ്ടായി. അര മണിക്കൂറോളം ട്രെയ്ൻ ഗതാഗതം തടസ്സപ്പെട്ടു.

ആനുകൂല്യങ്ങൾ ഉടൻ നൽകണമെന്നാവശ്യപ്പെട്ട് മാർച്ച്

ധനമന്ത്രി കെ.എൻ. ബാലഗോപാലിന്റെ വസതിയിലേക്ക് പട്ടികജാതി മോർച്ച സംഘടിപ്പിച്ച മാർച്ച്.

കൊട്ടാരക്കര: വർഷങ്ങളായി മുടങ്ങി കിടക്കുന്ന പട്ടികജാതി-വർഗ വിഭാഗങ്ങളുടെ ആനുകൂല്യങ്ങൾ ഉടൻ വിതരണം ചെയ്യണമെന്നാവശ്യപ്പെട്ട് ധനമന്ത്രി കെ.എൻ. ബാലഗോപാലന്റെ കൊട്ടാരക്കരയിലെ വസതിയിലേക്ക് പട്ടികജാതി മോർച്ച ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രതിഷേധ മാർച്ച് സംഘടിപ്പിച്ചു. കൊട്ടാരക്കര കെഎസ്ആർടിസി ബസ് സ്റ്റാൻഡിന് സമീപത്തു നിന്നാരംഭിച്ച മാർച്ച് മന്ത്രിയുടെ വീടിനു സമീപം പൊലീസ് ബാരിക്കേട് കെട്ടി തടഞ്ഞു. മാർച്ച് ബിജെപി സംസ്ഥാന ജനറൽ സെക്രട്ടറി പി. സുധീർ ഉദ്ഘാടനം ചെയ്തു. പട്ടികജാതി മോർച്ച ജില്ലാ പ്രസിഡന്റ് ബി. ബബുൽദേവ് അധ്യക്ഷത വഹിച്ചു.

ബിജെപി ജില്ലാ ജനറൽ സെക്രട്ടറി വയക്കൽ സോമൻ മുഖ്യപ്രഭാഷണം നടത്തി. പട്ടികജാതി മോർച്ച ജില്ലാ ജനറൽ സെക്രട്ടറി ചന്ദ്രബോസ്, രതു തങ്കപ്പൻ, മണ്ഡലം പ്രസിഡന്റ് രാധമണി, ബിജെപി ജില്ലാ വൈസ് പ്രസിഡന്റ് രാജേശ്വരി രാജൻ, മണ്ഡലം പ്രസിഡന്റ് അനീഷ് കിഴക്കേകര, മോർച്ച നേതാക്കളായ വിനോദ്, ശ്യാം, ശ്രീജ, സോമൻ കടുവത്തോട് മണികണ്ഠൻ, ധർമപാലൻ, മധുക്കുട്ടൻ, തുളസി, രാധാകൃഷ്ണൻ, നേതാക്കളായ പ്രസാദ്, മണി, ഗിരീഷ് നേതൃത്വം നൽകി.

തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ എൻഎസ്എസ് മുൻകൈ എടുക്കും: ഡോ. ജി. ഗോപകുമാർ

കൊല്ലൂർവിള എൻഎസ്എസ് കരയോഗത്തിന്റെ വാർഷിക കുടുംബസംഗമം എൻഎസ്എസ് താലൂക്ക് യൂണിയൻ പ്രസിഡന്റ് ഡോ. ജി. ഗോപകുമാർ ഉദ്ഘാടനം ചെയ്യുന്നു.

കൊല്ലം: സമുദായാംഗങ്ങൾക്കിടയിൽ തൊഴിലില്ലായ്മ രൂക്ഷമായ സാഹചര്യത്തിൽ കരയോഗങ്ങൾ കേന്ദ്രീകരിച്ച് സ്വയം സഹായസംഘങ്ങളുടെ സഹകരണത്തോടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ എൻഎസ്എസ് കർമപദ്ധതി തയ്യാറാക്കുമെന്ന് എൻഎസ്എസ് താലൂക്ക് യൂണിയൻ പ്രസിഡന്റ് ഡോ. ജി. ഗോപകുമാർ. കൊല്ലൂർവിള 962-നമ്പർ എൻഎസ്എസ് കരയോഗം വാർഷിക കുടുംബസംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

എൻഡോവ്മെന്റ് സ്കോളർഷിപ്പുകളും അദ്ദേഹം വിതരണം ചെയ്തു. കരയോഗം പ്രസിഡന്റ് ജി.ആർ. കൃഷ്ണകുമാർ അധ്യക്ഷത വഹിച്ചു. എൻ.കെ. പ്രേമചന്ദ്രൻ എംപി മുഖ്യപ്രഭാഷണം നടത്തി.

കേരളത്തിന്റെ സാമൂഹ്യ നവീകരണ പ്രക്രിയയിൽ എൻഎസ്എസും മന്നത്ത് പദ്മനാഭനും നൽകിയ അതുല്യമായ സംഭാവന തമസ്ക്കരിക്കാൻ ആർക്കും കഴിയില്ലെന്നും അദ്ദേഹം പറഞ്ഞു.

താലൂക്ക് യൂണിയൻ വൈസ് പ്രസിഡന്റ് ആദിക്കാട് ഗിരീഷ്, താലൂക്ക് പഞ്ചായത്ത് കമ്മിറ്റി പ്രസിഡന്റ് തടത്തിവിള രാധാകൃഷ്ണൻ, എൻഎസ് എസ് താലൂക്ക് സെക്രട്ടറി ജീവൻ കുമാർ, വനിതാ യൂണിയൻ പ്രസിഡന്റ് ശ്രീകുമാരി നാരായണൻ നായർ, എൻഎസ്എസ് ഇൻസ്പെക്ടർ അശോക് കുമാർ എഴുത്തുകാരനും ടി വി അവതാരകനുമായ മുഞ്ഞിനാട് പത്മകുമാർ, അഴകത്ത് ജെ. ഹരികുമാർ, എം.എസ്. രവികുമാർ, കെ.എസ്. രവീന്ദ്രനാഥ് സംസാരിച്ചു. രാവിലെ നടന്ന വനിതാ ശാക്തീകരണ സെമിനാർ ഡോ. ഗോപികാ നായർ ഉദ്ഘാടനം ചെയ്തു. വനിതാ സമാജം പ്രസിഡന്റ് ലതികാ സോമൻ അധ്യക്ഷത വഹിച്ചു. തുഷാരാ പൊന്നൻ, പത്മിനി ബാലൻ, മിനി എന്നിവർ സംസാരിച്ചു. കുടുംബാംഗങ്ങളുടെ കലാപരിപാടികളും ഉണ്ടായിരുന്നു.

പരപ്പാർ അണക്കെട്ട് കവാടത്തിലെ ഓട നിർമാണം പൂർത്തിയാക്കണം

പുനലൂർ: കല്ലട ജലസേചന പദ്ധതിയുടെ (കെഐപി) പരപ്പാർ അണകെട്ടുകവാടത്തിലെ ഓട നിർമാണം പാതിവഴിയിലായി. അണക്കെട്ടിലേക്ക് പോകാനും വാഹനങ്ങൾ പാർക്ക് ചെയ്യാനുമുള്ള 'വഴി കുഴിയാക്കി' പണി ഉപേക്ഷിച്ച നിലയിലാണ്.

പാതയോരത്തുള്ള തകർന്ന ഓടയ്ക്ക് പകരം കല്ലടയാറ്റിലേക്ക് വെള്ളം ഒഴുകിപ്പോകാനാണ് പുതിയ ഓടയുടെ നിർമാണം തുടങ്ങിയത്. മുന്നറിയിപ്പുകൾ സ്ഥാപിക്കാത്തതിനാൽ വെളിച്ചക്കുറവുള്ള രാത്രിയിൽ കുഴി അപകടക്കെണിയാകുന്നു. കവലയിൽ 5 ലക്ഷം രൂപ മുടക്കി സ്ഥാപിച്ചിരുന്ന ഹൈമാസ്റ്റ് ലൈറ്റ് ചരക്കുലോറി ഇടിച്ചു തകർന്നിരുന്നു.

അറ്റകുറ്റപ്പണി നടക്കാൻ വലിയ തുകയാകുമെന്ന് ചൂണ്ടിക്കാട്ടി പഞ്ചായത്തും ഹൈമാസ്റ്റ് ലൈറ്റ് ഉപേക്ഷിച്ച നിലയിലാണ്. കാലാവസ്ഥ അനുകൂലമായതിനാൽ ഒരാഴ്ചയ്ക്കകം ഓടകളുടെ പണി പുനരാരംഭിക്കുമെന്ന് കെഐപി അധികൃതർ ഉറപ്പു നൽകിയിട്ടുണ്ട്.

തെന്മലപാത വീണ്ടും തകർന്നു; ദുരിതയാത്രയ്ക്ക് പരിഹാരമില്ല

പുനലൂർ: ശബരിമല മണ്ഡലകാലത്തിനു മുന്നോടിയായി ധൃതിയിൽ അറ്റകുറ്റപ്പണി നടത്തിയ തെന്മല പാതയിലെ മിക്കഭാഗങ്ങളും വീണ്ടും തകർന്നു.

കുവക്കാട്, പള്ളംവെട്ടി ഭാഗത്തെ കുഴികൾ അടച്ച് അറ്റകുറ്റപണി നടത്തിയത് ഭൂരിഭാഗവും പാളികളായി ഇളകി നശിച്ചു. തട്ടിക്കൂട്ട് പണിയായിരുന്നെന്നും ഇതു വൈകാതെ തകരുമെന്നും നാട്ടുകാർ അന്നേ പരാതിപ്പെട്ടെങ്കിലും ഫലമുണ്ടായില്ല. അപകടങ്ങൾ പതിവായ പാതയിൽ മതിയായ സുരക്ഷാസൂചനകൾ ഇല്ലാത്തതും പ്രശ്നമായിട്ടുണ്ട്. ലോറികൾ വളവു തിരിയുമ്പോൾ പാതഭാഗങ്ങൾ ഇളകുകയാണ്. പണി നടത്താനായി ടാറിനോടൊപ്പം നിരത്തിയ മെറ്റൽ ചിപ്സുകൾ പാടെ ഇളകി പാതയിൽ വിതറിയ നിലയിലായി.

വനമേഖലയും റിഹാബിലിറ്റേഷൻ പ്ലാന്റേഷൻ റബ്ബർത്തോട്ടം മേഖലയും അതിർത്തി പങ്കിടുന്ന പാതയിലെ തകർച്ചയ്ക്ക് നീർവാർച്ചയാണു പ്രധാന കാരണം. മഴയിൽ വെള്ളം ഒഴുകാനുള്ള ഓടകൾ ഒരുക്കാത്തതും പാതയ്ക്ക് വെല്ലുവിളിയായി തുടരുന്നു.

വെബ്സൈറ്റ് പ്രകാശിപ്പിച്ചു

തിരുവനന്തപുരം: സംസ്ഥാന ശാസ്ത്ര സാങ്കേതിക വകുപ്പിനു കീഴിലുള്ള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലും അമ്യൂസിയം ആർട് സയൻസും ചേർന്ന് സംഘടിപ്പിക്കുന്ന ഗ്ലോബൽ സയൻസ് ഫെസ്റ്റിവൽ കേരളയുടെ നവീകരിച്ച വെബ്സൈറ്റ് മന്ത്രി പി. രാജീവ് പ്രകാശിപ്പിച്ചു. ഫെസ്റ്റിവൽ ഡയറക്ടർ ഡോ ജി. അജിത്കുമാർ, ഡോ. വൈശാഖൻ തമ്പി, ഡോ. രതീഷ് കൃഷ്ണൻ, ബെറ്റ്നിസോൾ, ഫഹീദ മുംതാസ് പങ്കെടുത്തു. ജനുവരി 15 മുതൽ ഫെബ്രുവരി 15 വരെ തോന്നക്കൽ ബയോ 360 ലൈഫ് സയൻസ് പാർക്കിലാണ് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നത്.

കാഷ്യുകോർപറേഷൻ: 159 തൊഴിലാളികൾ സംതൃപ്തിയോടെ പടിയിറങ്ങി

കശുവണ്ടിവികസന കോർപ്പറേഷൻ കൊട്ടിയം ഒന്നാംനമ്പർ ഫാക്ടറിയിലെ യാത്രയയപ്പ് ചടങ്ങിൽ ചെയർമാൻ എസ്. ജയമോഹൻ വിരമിച്ച തൊഴിലാളിക്ക് മൊമെന്റോ നൽകി ആദരിക്കുന്നു.

കൊല്ലം: കാൽ നൂറ്റാണ്ടിലധികമായി കശുവണ്ടി വികസന കോർപ്പറേഷനിലെ 30 ഫാക്ടറികളിലായി തൊഴിൽ ചെയ്ത് വന്നിരുന്ന 59 തൊഴിലാളികൾ ശനിയാഴ്ച സർവീസ് പൂർത്തിയാക്കി വിരമിച്ചു.

വിരമിച്ച തൊഴിലാളികൾക്ക് മൊമെന്റോ നൽകി കാഷ്യു കോർപ്പറേഷൻ ചെയർമാൻ എസ്. ജയമോഹൻ ആദരിച്ചു. സ്വർണമോതിരം, നിലവിളക്ക് ഉൾപ്പെടെയുള്ള ഉപഹാരവും തൊഴിലാളികൾക്ക് നൽകി. വികാരനിർഭരവും ആവേശകരവുമായ വിടവാങ്ങലുകളാണ് കാഷ്യു കോർപറേഷന്റെ എല്ലാ ഫാക്ടറികളിലും നടന്നത്. ഒരു സുവർണവർഷമായിട്ടാണ് ഈ വിരമിക്കൽ വർഷത്തെ കാണുന്നതെന്ന് തൊഴിലാളികൾ നന്ദി പ്രസംഗത്തിൽ പറഞ്ഞു.

വിവിധ ഫാക്ടറികളിൽ നടന്ന യാത്രയയപ്പ് ചടങ്ങിൽ കോർപ്പറേഷൻ ബോർഡ് അംഗങ്ങൾ, ട്രേഡ് യൂണിയൻ നേതാക്കൾ എന്നിവർ പങ്കെടുത്തു. കൊട്ടിയം ഒന്നാം നമ്പർ ഫാക്ടറിയിൽ നടന്ന യാത്രയയപ്പ് ചടങ്ങ് ചെയർമാൻ എസ് ജയമോഹൻ ഉദ്ഘാടനം ചെയ്തു. കശുവണ്ടി മേഖല സംരക്ഷിക്കുന്നതിനായി ഇടതുപക്ഷ മുന്നണി സർക്കാർ കൂടുതൽ പദ്ധതികൾ നടപ്പിലാക്കുന്ന വർഷം ആയിരിക്കും 2024 എന്ന് ചെയർമാൻ പ്രസംഗത്തിൽ പറഞ്ഞു.

ചടങ്ങിൽ കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ കെ സുഭഗൻ,ബോർഡ് അംഗം ബി സുജീന്ദ്രൻ, ട്രേഡ് യൂണിയൻ നേതാക്കളായ ശശിധരൻ, തുളസീധരൻ, മണികണ്ഠൻ എന്നിവർ സംസാരിച്ചു.

തേവർകാട് റോഡ് കാട് മൂടുന്നു

പുനലൂർ: തെന്മല ഇടപ്പാളയം - തേവർകാട് റോഡ് കാടു മൂടിയിട്ടും നടപടിയില്ല. തേവർകാട്, അരുണോദയം ഉൾപ്പെടെയുള്ള കോളനികളിലെ നൂറുകണക്കിനു കുടുംബങ്ങൾ സഞ്ചരിക്കുന്ന റോഡിന്റെ വശങ്ങളിൽ കാടു മൂടുകയും വള്ളികൾ പടരുകയും ചെയ്തിട്ടുണ്ട്.

കഴുതുരുട്ടി ആറിനോടു ചേർന്നാണ് റോഡ് കടന്നുപോകുന്നത്. ദേശീയപാതയിൽ നിന്ന് റോഡിലേക്ക് കയറുന്ന ഭാഗത്താണ് വള്ളിപ്പടപ്പുകൾ പ്രശ്നമായിരിക്കുന്നത്. സ്കൂൾകുട്ടികൾ കാടുപിടിച്ച ഭാഗം വഴി ഭയന്നാണ് പോകുന്നത്. ഇവിടെ ഇടയ്ക്കിടെ കാട്ടുപന്നിയുടെ ശല്യവും ഉണ്ടാകുന്നുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കാടു നീക്കണമെന്നാണ് നാട്ടുകാരുടെ ആവശ്യം.

ശ്രീലക്ഷ്മി കേന്ദ്രസർവകലാശാല വൈസ് ചെയർപേഴ്സൺ

നെടുമങ്ങാട്: കേരള കേന്ദ്രസർവകലാശാല വിദ്യാർഥിയൂണിയൻ തിരഞ്ഞെടുപ്പിൽ വൈസ് ചെയർപേഴ്സൺ ആയി തെരഞ്ഞെടുക്കപ്പെട്ട നെടുമങ്ങാട് സ്വദേശിനി ശ്രീലക്ഷ്മിയെ അഖില ഭാരതീയ വിദ്യാർഥി പരിഷത്ത് നെടുമങ്ങാട് നഗരത്തിന്റെ നേതൃത്വത്തിൽ ആദരിച്ചു. തിരുവനന്തപുരം ജില്ലാ കമ്മിറ്റിയംഗം ആരോമൽ, നെടുമങ്ങാട് നഗർ പ്രസിഡന്റ് സൗരവ്, വിഷ്ണു എന്നിവർ നേതൃത്വം നൽകി.

സബ്സിഡികൾ നിലനിർത്തണം: തരൂർ

നെയ്യാറ്റിൻകര: സബ്സിഡികൾ നിലനിർത്താൻ മോദി തയ്യാറാകണമെന്ന് ശശിതരൂർ എംപി ആവശ്യപ്പെട്ടു. ക്ഷേത്രം പണിയല്ല മോദിയുടെ പണി. ജനങ്ങളുടെ കഷ്ടപ്പാട് തിരിച്ചറിഞ്ഞ് പ്രവർത്തിക്കുകയാണ് വേണ്ടത്. കോൺഗ്രസ് വെള്ളറട ബ്ലോക്ക് കമ്മിറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഫാസിസ്റ്റ് വിമോചന സദസ്സ് കീഴാറൂർ ജംഗ്ഷനിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു ശശി തരൂർ. കോൺഗ്രസ് വെള്ളറട ബ്ലോക്ക് പ്രസിഡന്റ് ഗിരീഷ് കുമാർ അധ്യക്ഷത വഹിച്ചു. ദളിത് കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് കള്ളിക്കാട് ശശി, സോമൻകുട്ടിനായർ, രാജൻ, അൻസജിത റസൽ, ദസ്തഗിർ, വിജയ് ചന്ദ്രൻ, വീരേന്ദ്രകുമാർ, രാമചന്ദ്രൻ, ഗോപാലകൃഷ്ണൻ നായർ, ശിവശങ്കരപ്പിള്ള, ബ്രഹ്മിൻ ചന്ദ്രൻ, രാജ് മോഹൻ, അമ്പലത്തറയിൽ ഗോപൻ, ചെറുപുഷ്പം, സജിത, സാം കുമാർ, സാംകുട്ടി, ശരീഫ്, അനൂപ് പങ്കെടുത്തു.

പുതുവത്സരാഘോഷത്തിൽ അക്ഷരശ്രീ

ഗവ ഫോർട്ട് യുപി സത്രം സ്കൂളിലെ തുല്യതാ പഠിതാക്കൾ സംഘടിപ്പിച്ച പുതുവത്സരാഘോഷം ക്രൈനസ് റൊസാരിയോ ഉദ്ഘാടനം ചെയ്യുന്നു.

തിരുവനന്തപുരം: ഗവ ഫോർട്ട് യുപി സത്രം സ്കൂളിലെ പത്താംതരം, പ്ലസ് വൺ, പ്ലസ് ടു തുല്യതാ പഠിതാക്കൾ പുതുവത്സരാഘോഷം സംഘടിപ്പിച്ചു. അക്ഷരശ്രീ പ്രോജക്ട് കോഡിനേറ്റർ ബി. സജീവിന്റെ അധ്യക്ഷതയിൽ തിരുവനന്തപുരം നഗരസഭ ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ക്രൈനസ് റൊസാരിയോ ഉദ്ഘാടനം ചെയ്തു, ഫോർട്ട് എസ്ഐ മുഖ്യാതിഥിയായി. യമുന, രമ്യ, ലോന തുല്യതാപഠിതാക്കൾ പങ്കെടുത്തു. ശ്രീകാര്യം ഗവ ഹൈസ്കൂളിൽ സ്റ്റാലിനി ഡിക്രൂസ്, അർച്ചന മണികണ്ഠൻ, ജിതിൻ, ശാരിക തുടങ്ങിയവർ ആഘോഷത്തിൽ പങ്കെടുത്തു. മെഡിക്കൽ കോളെജ് സ്കൂൾ, കോട്ടപ്പുറം സ്കൂൾ, വഴുതയ്ക്കാട് കോട്ടൺഹിൽ സ്കൂൾ, കമലേശ്വരം സ്കൂൾ തുടങ്ങിയ അക്ഷരശ്രീ സമ്പർക്ക പഠന കേന്ദ്രങ്ങളിൽ തുല്യതാപഠിതാക്കൾ ജനപ്രതിനിധികളുടെ സാന്നിധ്യത്തിൽ ക്രിസ്തുമസ് പുതുവത്സരാഘോഷം സംഘടിപ്പിച്ചു.

ICICI Home Finance

കോർപ്പറേറ്റ് ഓഫീസ്: ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്, ഐസിഐസിഐ എഫ്എഫ്സി ടവർ, അമ്പലമുഗൾ- കുന്നത്തുകാൽ റോഡ്, അമ്പലമുഗൾ ഇന്ത്യ, കൊച്ചി- 400059, ഇന്ത്യ.

ശാഖ ഓഫീസ്: ഗ്രൗണ്ട് ഫ്ലോർ ബിൽഡിങ്, രണ്ടാം നില, ഗ്രൗസ്കോ ഹോംസ്, കണ്ണമ്പിക്കുഴി, കോട്ടയം- 686004

പ്രൊവിഷനേ വുൾ 8(6) കാണുക

സ്ഥാവരവസ്തുവിന്റെ വിൽപ്പനയ്ക്കുള്ള വിൽപ്പന നോട്ടീസ്

200ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റി കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ്, 2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ് റൂൾ, പ്രൊവിഷനേ റൂൾ 8(6) പ്രകാരം സ്വകാര്യ വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള ഇ- ലേല വിൽപ്പന നോട്ടീസ്

വായ്പാ കരാർ പ്രകാരം ഐസിഐസിഐ ഹോം ഫിനാൻസ് ലിമിറ്റഡിന്റെ അംഗീകൃത ഓഫീസർ വായ്പക്കാർ/ജാമ്യക്കാർ ജാമ്യമായി നൽകിയ താഴെപ്പറയുന്ന വസ്തുക്കൾ പ്രതീകാത്മക കൈവശം വെയ്ക്കുന്നതായി വസ്തുക്കൾ ഇപ്പോഴുള്ള അവസ്থയിൽ 'എവിടെയാണോ ഉള്ളത്' 'എന്താണോ ഉള്ളത്' 'എങ്ങനെയാണോ ഉള്ളത്' അടിസ്ഥാനത്തിൽ തന്നെ ലേലം ചെയ്യാൻ തീരുമാനിച്ചതായും വായ്പക്കാർ/ജാമ്യക്കാർ എന്നിവരെയും പൊതുജനങ്ങളെയും ഇതിനാൽ അറിയിക്കുന്നു.

Sr. No.	വായ്പക്കാരന്റെ/സഹവായ്പക്കാരന്റെ/ ജാമ്യക്കാരന്റെ പേര്, നിയമപരമായ അവകാശികൾ ലോൺ അക്കൗണ്ട് നമ്പർ	ജാമ്യവസ്തുവിന്റെ വിവരണങ്ങൾ എങ്ങനെയും വിധത്തിലുള്ള ബാധ്യതയുണ്ടെങ്കിൽ അവ ഉൾപ്പെടെ	തിരിച്ചടയ്ക്കാനുള്ള തുക	റിസർവ് പ്രൈസ് / ഇഎംഡി	ഇൻസ്പെക്ഷൻ തിയതിയും സമയവും	ലേലത്തിന്റെ തിയതി, സമയം
(A)	(B)	(C)	(D)	(E)	(F)	(G)
1.	മുഹമ്മദ് ബാബു യു ബി (വായ്പക്കാരൻ) ആൻസി എം (സഹ വായ്പക്കാരൻ) LHTVM00001343522	ഖലയിൻകീഴ് വില്ലേജ്, കുട്ടാകട താലൂക്ക്, വിളക്കോന്നി നഗർ പൈതാരം, റീനഗർ നമ്പർ 31/5/1/1 , എൻ എ തിരുവനന്തപുരം	Rs. 18,85,750/- December 15, 2023	Rs. 14,07,087/- / Rs. 1,40,710/-	January 08, 2024 11:00 AM-03:00 PM	January 19, 2024 02:00 PM-03:00 PM

മേല പറഞ്ഞവ ഗൂഗിൾ പ്ലേ സ്റ്റോറിന്റെ (ഗൂഗിൾപ്ലേ ലിങ്ക് https://BestAuctionDeal.com) വെബ്സൈറ്റിലൂടെയുള്ളതും ഓൺലൈൻ മുഖേന നടക്കുന്ന സ്വയം ജാമ്യമായി നൽകിയവർക്ക് ജനുവരി 18, 2024 വൈകിട്ട് 5 മണി വരെ ഓഫറുകൾ സമർപ്പിക്കുന്നതിനുള്ള അവസരം നൽകുന്നു. പണം തിരിച്ചടച്ചതിലുള്ള ക്രമക്കേടുകൾ നിലവിലുള്ള പ്രകാരം ജാമ്യവസ്തു വിൽപ്പന ചെയ്യുന്നതാണ്.

ലേലത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർക്ക് അവർ നൽകാൻ ഉദ്ദേശിക്കുന്ന വില നിരക്കുകളും ഇഎംഡി, ആർടിജിഎസ്/നിഫ്റ്റി ഫണ്ട് ട്രാൻസ്ഫർ മുഖേന ഈ വിൽ പറയേണ്ടിക്കുന്ന വിവരം എന്നിവ സഹിതം അടച്ച രസീതിൽ **ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്, ഗ്രൗണ്ട് നില, ഗ്രൗസ്കോ ഹോംസ്, കണ്ണമ്പിക്കുഴി, കോട്ടയം- 686004** എന്ന വിലാസത്തിലേക്ക് **ജനുവരി 18, 2024 വൈകിട്ട് 4 മണിക്കു** മുമ്പായി അയക്കേണ്ടതാണ്. താത്പര്യമുള്ള സിറ്റിയോട് ഓഫീസർ ഗ്രൗണ്ട് ഫ്ലോറിലുള്ള ഓഫീസ് കോട്ടയം **ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്, ഗ്രൗണ്ട് നില, ഗ്രൗസ്കോ ഹോംസ്, കണ്ണമ്പിക്കുഴി, കോട്ടയം- 686004** എന്ന വിലാസത്തിലേക്ക് **ജനുവരി 18, 2024 വൈകിട്ട് 5 മണിക്കു** മുമ്പായി അയക്കേണ്ടതാണ്. നിബന്ധനകൾ ആർടിജിഎസ്/നിഫ്റ്റി ഫണ്ട് ട്രാൻസ്ഫർ മുഖേന ഈ വിൽ പറയേണ്ടിക്കുന്ന വിവരം എന്നിവ സഹിതം **ഐസിഐസിഐ ഹോം ഫിന